## പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 6618** **21.11.2019 -ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അനിൽ അക്കര**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ:** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) അന്തർദേശീയ, ദേശീയ സ്ഥാപനങ്ങൾ, പ്രവാസി ഇന്ത്യാക്കാർ, ഇന്ത്യൻ വംശജർ എന്നിവരിൽ നിന്നും ഭവനനിർമ്മാണ മേഖലയിൽ മതിയായ ധനം സമാഹരിക്കുന്നതിനായി 2013-ൽ നിലവിൽ വന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ പ്രസ്തുത ആവശ്യങ്ങൾക്കായി എത്ര തുക സമാഹരിച്ചിട്ടുണ്ട്; | (എ) 2013-ൽ നിലവിൽ വന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ അന്തർദ്ദേശീയ, ദേശീയ സ്ഥാപനങ്ങൾ, പ്രവാസി ഇന്ത്യാക്കാർ, ഇന്ത്യൻ വംശജർ എന്നിവരിൽ നിന്നും ഭവന നിർമ്മാണ മേഖലയിലേയ്ക്ക് ധനസമാഹരണം നടത്തിയിട്ടില്ല. |
| (ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം നിർത്തലാക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) 21.03.2019-ലെ സർക്കാർ ഉത്തരവ്(കൈ) നം.3/2019/ഭവനം പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം നിർത്തലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത കോർപ്പറേഷൻ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി ധന സമാഹരണം എപ്രകാരമാണ് കണ്ടെത്തുന്നത്; | (സി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പല പദ്ധതികൾക്കും നിലവിൽ ബജറ്റ് അലോക്കേഷൻ മുഖേന തുക നൽകുന്നുണ്ട്. ആയത് തുടരുന്നതാണ്. |
| (ഡി) പ്രസ്തുത സ്ഥാപനത്തെ പുനരുജ്ജീവിപ്പിച്ച് ഭവന നിർമ്മാണ ബോർഡിന്റെ തനത് പദ്ധതി പ്രവർത്തനത്തിന് ആവശ്യമായ ധന സമാഹരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സ.ഉ(കൈ)നം.3/19/ഭവനം തീയതി 21/03/2019 പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ നിർത്തലാക്കുന്നതിനുള്ള അനുമതി നൽകിയതിനാൽ തൽക്കാലം ഈ സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ - മാതൃഭാഷ

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവന നിർമ്മാണ വകുപ്പ് - കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിച്ച് ഓഹരികൾ തിരികെ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവന നിർമ്മാണ (ബി) വകുപ്പ്

സ.ഉ.(കൈ) നം.3/2019/ഭവനം തീയതി,തിരുവനന്തപുരം, 21/03/2019

---

പരാമർശം:- 1 സ.ഉ (കൈ) നം.21/2012/ഭവനം തീയതി 09.03.2012.

2 സ.ഉ (കൈ) നം.06/2013/ഭവനം തീയതി 23/02/2013

3 കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ സ്പെഷ്യൽ ഓഫീസറുടെ 09/04/2018 ലെ 1/Gen/KSHDFC/2011 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ പരാമർശം (1) പ്രകാരം രൂപീകരിച്ചു. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 19/07/2013-ന് രജിസ്ട്രാർ ഓഫ് കമ്പനീസ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിക്കുന്നതിന് അംഗീകാരം നൽകി. കമ്പനിയുടെ Paid-up share capital 5 ലക്ഷം രൂപയും, authorised share capital 10 കോടി രൂപയുമായി നിജപ്പെടുത്തുകയും ഒരു ഷെയറിന് 10 രൂപ നിരക്കിൽ 5 ലക്ഷം രൂപയുടെ 50,000 ഷെയറുകൾ കേരള ഗവർണറെ പ്രതിനിധാനം ചെയ്ത് ചീഫ് സെക്രട്ടറിയ്ക്കും മറ്റ് ബോർഡ് അംഗങ്ങൾക്കുമായി 13/8/2013-ലെ ഡയറക്ടർ ബോർഡ് അലോട്ട് ചെയ്തു.

ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 31.12.2016-ൽ കൂടിയ യോഗത്തിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ ഭാവി പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഇന്നത്തെ സാഹചര്യത്തിൽ ഇങ്ങനെയൊരു കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സർക്കാരിന്റെ അംഗീകാരം അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയും ഇക്കാര്യത്തിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു.

പരാമർശം (3) പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചിട്ട് ഏകദേശം 5 വർഷം പൂർത്തിയാകുന്ന അവസ്ഥയിൽ കാര്യമായ ഒരു ബിസിനസ്സും ഇതുവരെ നടത്തിയിട്ടില്ല. കൂടാതെ നിലവിൽ ഒരു ജീവനക്കാരനെ നിയമിച്ച് ഹോണറേറിയം നല്കി വരുന്നതിനാലും പ്രത്യേക നടപടികളോ, പൊതുതാല്പര്യമോ ഇല്ലാതെ തന്നെ അനാവശ്യ ചെലവ് വരുത്താൻ ഇടയാകുന്ന ടി കമ്പനി നിലനിർത്തേണ്ടതില്ല എന്ന് അറിയിച്ചുകൊണ്ട് കമ്പനി പിരിച്ചു വിടുന്നതിനും ഓഹരികൾ തിരികെ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ സ്പെഷ്യൽ ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാലും ഈ കമ്പനി നിലനിർത്തി കൊണ്ട് പോകുന്നത് അനാവശ്യ ചെലവ് ഉണ്ടാക്കുന്നതിനാലും കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിച്ച് ഓഹരികൾ തിരികെ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.വിശ്വാസ് മേത്ത
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം

ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം

സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

ധനകാര്യ (പി.യു.സി) വകുപ്പ് ) (PUC3/71/2018-FIN dated 03/07/2018)

നിയമ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള , തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by SUBHAS
Date: 2019.03.22 13:47:47 IST
Reason: Approved

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്